പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3752 11.12.2018-ലെ മറുപടിക്ക്

**ഡീസൽ വിലവർദ്ധനവ് മൂലം കെ.എസ്.ആർ.ടി.സി. ക്ക് ഉണ്ടാകുന്ന നഷ്ടം**

ചോദ്യം

ശ്രീ.എൻ. ഷംസുദ്ദീൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വിലവർദ്ധനവ് മൂലം കെ.എസ്.ആർ.ടി.സി.ക്ക് പ്രതി മാസം ഉണ്ടാകുന്ന നഷ്ടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ; | (എ) | ഡീസൽ വിലവർദ്ധനവ് മൂലം കെ.എസ്.ആർ.ടി.സി.ക്ക് പ്രതിമാസം ഉണ്ടാകുന്ന നഷ്ടം ശരാശരി 18 കോടി 36 ലക്ഷം രൂപയാണ്. |
| (ബി) | ഇപ്രകാരമുണ്ടാകുന്ന നഷ്ടം നികത്തുവാൻ എന്തെങ്കിലും മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഇന്ധനക്ഷമത വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി മൂന്ന് സോണുകളിൽ അസിസ്റ്റന്റ് വർക്സ് മാനേജർമാരുടെ നേതൃത്വത്തിൽ പ്രവർത്തനം ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു. ഉയർന്ന ഇന്ധമക്ഷമത ലഭ്യമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർക്ക് പരിശീലനം നൽകി വരുന്നുണ്ട്. ഡീസൽ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ, പരിശീലനം നൽകുന്നതിനായി സ്റ്റാഫ് ട്രെയിനിംഗ് സെന്റർ, പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷൻ (പി.സി.ആർ.എ), വാഹന നിർമ്മാതാക്കൾ എന്നിവർ മുഖാന്തിരവും പരിശീലനം നടത്തി വരുന്നു. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഇലക്ട്രിക്, സി.എൻ.ജി, എൽ.എൻ.ജി, ബസുകൾ നിരത്തിലിറക്കി ഡീസലിന്റെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനോടൊപ്പം അന്തരീക്ഷ മലിനീകരണവും കുറയ്ക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ